ശ്രീ. ജി. സുധാകരൻ : സർ, പട്ടയം വിതരണം ചെയ്യാൻ ബഹു. മന്ത്രി എടുത്തുകൊണ്ടിരിക്കുന്ന സത്വരമായ നടപടികൾ വളരെ പ്രയോജനപ്രദ മാണ്. ലക്ഷക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുക്കുന്ന കാര്യം സമ്മതിക്കു കയാണ്, അഭിനന്ദിക്കുകയാണ്. എന്നാൽ ന്യായമായി പട്ടയം കിട്ടേണ്ട ആളു കൾ കനാലുകളുടെയും സർക്കാർ ജലാശയങ്ങളുടെയും സമീപത്താണെന്നു പറഞ്ഞ് പട്ടയം നൽകാതെ വച്ചിരിക്കുകയാണ്. അവർക്ക് ഈ ഗവണ്മെന്റിന്റെ കാലത്ത് ന്യായമായി പട്ടയം വിതരണം ചെയ്യാൻ ഗവണ്മെന്റ് എടുക്കുന്ന മൂർത്തമായ നടപടികൾ വ്യക്തമാക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : വളരെ പാവപ്പെട്ട, തീരെ ഭൂമിയില്ലാത്ത ധാരാളം ആളുകൾ റോഡു പുറമ്പോക്കുകളിലും കനാലിന്റെ തീരങ്ങളിലും തോടു പുറമ്പോക്കുകളിലുമൊക്കെ താമസിക്കുന്നുണ്ട്. പഞ്ചായത്ത് ആക്ട് നിലവിൽ വന്ന ശേഷം തോടിന്റെയും ഗ്രാമീണ റോഡിന്റെയും ആറിന്റെയും കനാലിന്റെയുമൊക്കെ അരികിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ, പഞ്ചായത്തിൽ വെസ്റ്റ് ചെയ്ത ഭൂമിയായതുകൊണ്ട് പഞ്ചായത്തിന്റെ അനു മതി ആവശ്യമുണ്ട്. അതു കൊടുക്കാൻ പാടില്ല എന്നതാണ് ഇപ്പോഴത്തെ നിയമവ്യവസ്ഥ. ആ നിയമ വ്യവസ്ഥ മറികടക്കാനാവശ്യമായ ഒരു നിയമ നിർമ്മാണത്തിലൂടെയല്ലാതെ അതിനു പരിഹാരമുണ്ടാക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് പഞ്ചായത്തിൽ വെസ്റ്റ് ചെയ്ത പുറമ്പോക്കിന്റെ പരിധി എത്ര എന്നതിനെ സംബന്ധിച്ച് ഒരു വ്യക്തതയുണ്ടാക്കിയാൽ അതിന് പുറമേയുള്ള പ്രദേശങ്ങൾ നമുക്ക് പതിച്ചുകൊടുക്കാൻ കഴിയും. പ്രായോഗികമായി ഇവര നുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാണ് തൽക്കാലം നമ്മൾ കൈവശരേഖ ഇത്തരം ആളുകൾക്കു മുഴുവൻ കൊടുക്കണമെന്ന് തീരുമാനി ച്ചിട്ടുള്ളത്. അതിന്റെ നടപടികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. കണ്ണൻ : സർ, മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ ഭൂമി കൾ തിരിമറി നടത്തുകയും കൈമാറ്റം ചെയ്യുകയും ചെയ്ത ഒരു മേഖല ഏറ നാടും അതുപോലെതന്നെ നിലമ്പൂർ താലൂക്കിന്റെ മേഖലയുമാണ്. ആ മേഖ ലയിൽ വ്യാജ പട്ടയമുണ്ടാക്കിയതു സംബന്ധിച്ച് ഗവണ്മെന്റിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതുസംബന്ധിച്ച് എന്തെങ്കിലും നടപടി ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, വ്യാജ പട്ടയമാണെന്ന് പെറ്റീഷൻ എവിടെനിന്നുകിട്ടിയാലും ഗൗരവമായി ആ കേസുകൾ അന്വേഷിക്കും. അതാതു പ്രദേശങ്ങളിലെ റവന്യൂ ഉദ്യോഗസ്ഥൻമാർ അന്വേഷിക്കുന്നതിൽ വിശ്വാസ്യതയില്ലെന്ന് അഭിപ്രായമുള്ള കേസുകളിൽ ഞങ്ങൾ നേരിട്ട് ഇവിടെ നിന്നുംതന്നെ ചുമതലപ്പെടുത്തി അന്വേഷിക്കുന്നുണ്ട്. അത്തരം കേസുകളി ലൊക്കെ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

വിദേശ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി

2 (*562) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ആഗോളവൽക്കരണവും നിലവിലുള്ള ഇറക്കുമതി നയവും സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയെ എങ്ങനെ ബാധിക്കുമെന്ന് ഗവ ണ്മെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഡബ്ല്യൂ.ടി.ഒ. യുമായി ഏർപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിൽ വിദേശ ഉൽപ്പന്നങ്ങളുടെ അധികമായ ഇറക്കുമതി നമ്മുടെ വ്യാവസായിക ഉൽപ്പന്നങ്ങളുടെ വിപണനത്തെ എങ്ങനെ ബാധിക്കുമെന്ന് കണക്കാക്കിയി ട്ടുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കെതിരായ ഇറക്കു മതി ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ,

(എ) ഉണ്ട്.

(ബി) ആഗോളവൽക്കരണത്തിന്റേയും നിലവിലുള്ള ഇറക്കുമതി നയ ത്തിന്റെയും ഭാഗമായി ഇന്ത്യൻ വിപണി ബഹുരാഷ്ട്ര കമ്പനികൾക്കായി തുറ ന്നുകൊടുക്കുന്നതുവഴി ആഭ്യന്തര ഉല്പാദന മേഖല വളരെയേറെ സമ്മർദ്ദ ങ്ങൾക്കു വിധേയമാകും. അതിന്റെ ഭാഗമായി കേരളത്തിന്റെ വ്യാവസായിക കാർഷിക ഉല്പന്നങ്ങൾ വിദേശ ഉല്പന്നങ്ങളുടെ കടുത്ത മത്സരത്തിനെ നേരിടാൻ കഴിയാതെ തകർച്ചയെ നേരിടുന്ന അവസ്ഥയാണ് സംജാതമാകു ന്നത്. ലോകവ്യാപാര സംഘടനയിൽ അംഗമെന്നുള്ള നിലയിൽ മറ്റ് അംഗരാ ജ്യങ്ങളിലുള്ള ഇറക്കുമതിക്ക് ഇതുവരെയുണ്ടായിരുന്ന എല്ലാ നികുതിയേതര നിയന്ത്രണങ്ങളും എടുത്തുകളയാൻ ഇന്ത്യ ബാധ്യസ്ഥമായിരിക്കുകയാണ്. അത് സാമ്പത്തിക നിലയെ സാരമായി ബാധിക്കും. ആഗോളവൽക്കരണ ത്തിന്റെ ഭാഗമായി വിദേശ നിർമ്മിത ഉല്പാദനങ്ങളുടെ കടന്നുകയറ്റമുണ്ടാവു കയും അത്, അന്താരാഷ്ട്ര നിലവാരത്തേക്കാൾ കുറഞ്ഞതും വില കൂടിയതു മായ ഇന്ത്യൻ ഉല്പന്നങ്ങൾ അന്താരാഷ്ട്രവിപണിയിൽ മത്സരിക്കാനാകാതെ പുറംതള്ളപ്പെടാനിടയാക്കുന്നതുമാണ്. ഇത് തൊഴിലില്ലായ്മയ്ക്കും കാർഷിക ത്തകർച്ചക്കും കാരണമാകും. വിദേശനിർമ്മിത ഉല്പന്നങ്ങളുടെ കടന്നുകയറ്റം ആഭ്യന്തരരംഗത്ത് കുറഞ്ഞ ഉല്പാദനക്ഷമതയ്ക്കും കാരണമാകും.

(സി) ഡബ്ല്യൂ.ടി.ഒ. യുമായി ഏർപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിൽ വിദേശ ഉല്പന്നങ്ങളുടെ അധികമായ ഇറക്കുമതി നമ്മുടെ വ്യാവസായിക ഉല്പന്നങ്ങളുടെ വിപണനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കണക്കാക്കി യിട്ടുണ്ട്.

(ഡി) ചില മേഖലകളെ സംബന്ധിച്ച് ഇതിനകം നിരവധി നിവേദന ങ്ങൾ സമർപ്പിച്ചുകഴിഞ്ഞു. സമഗ്രമായ ഒരു നിവേദനം നടത്തുന്നതിനുള്ള നട പടി എടുത്തുവരുന്നു.

ശ്രീ. തോമസ് ചാഴികാടൻ : സർ, മന്ത്രി ഇവിടെ പറഞ്ഞപ്പോൾ ആഗോളവൽക്കരണത്തിന്റേയും പുതിയ ഇറക്കുമതി നയത്തിന്റെയും സാഹച ര്യത്തിൽ വിദേശ ഉല്പന്നങ്ങൾ ഇന്ത്യൻ വിപണിയിലേയ്ക്ക് കൂടുതൽ കടന്നു വരുന്ന ഒരു സാഹചര്യമുണ്ടായിട്ടുണ്ടെന്നും അതു വഴി നമ്മുടെ രാജ്യത്തെ പ്രത്യേകിച്ചും നമ്മുടെ സംസ്ഥാനത്തെ വ്യാവസായിക കാർഷിക ഉല്പന്ന ങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തെക്കാൾ കുറഞ്ഞ ഗുണനിലവാരവും അതേസമയം വിലക്കൂടുതലും ഉള്ളതുകൊണ്ട് മത്സരത്തെ നേരിടാൻ കഴി

LIBRARY ARCHIVES Kerala Legislative Assembly

യാത്ത സാഹചര്യം വന്നിരിക്കുന്നുവെന്നും പറയുകയുണ്ടായി. അതാണ് നമ്മുടെ വ്യാവസായിക കാർഷികമേഖലയുടെ തകർച്ചയ്ക്ക് പ്രധാന കാരണ മെന്ന് സൂചിപ്പിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ എന്തായാലും ആഗോള വൽക്കരണവും സ്വകാര്യവൽക്കരണവും ഒരു നയമായി നമ്മുടെ രാജ്യത്ത് വന്നുകഴിഞ്ഞു. ഭാവിയിലേയ്ക്ക് നമ്മുടെ വ്യവസായ മേഖലയേയും കാർഷിക മേഖലയേയും സംരക്ഷിക്കണമെന്നുണ്ടെങ്കിൽ നമ്മുടെ വ്യവസായിക കാർഷിക ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുകയും അതോ ടൊപ്പംതന്നെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് വിലകുറച്ചു കൊണ്ടുവരു കയും ചെയ്യാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. അതിനായി സംസ്ഥാന സർക്കാർ ദീർഘകാലാടിസ്ഥാനത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക രിച്ചിട്ടുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, ആധുനിക വിപണന രംഗത്തെ പരിപോഷിപ്പിക്കുന്നതരത്തിൽ ആഭ്യന്തര സാമ്പത്തിക നില ഊർജ്ജിതപ്പെടു ത്തേണ്ടതും അവസരങ്ങൾക്കൊപ്പം കഠിനമായ വെല്ലുവിളികളെ നേരിടുന്ന തിനും അവസരങ്ങൾ വേണ്ട രീതിയിൽ ഉപയോഗിക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാനും ആഭ്യന്തര സാമ്പത്തികമേഖലയിൽ ഓരോ സെക്ടറിലുംപെ ടുന്ന ഒരു നിശ്ചിത ആക്ഷൻ പ്ലാൻ ഉണ്ടായിരിക്കേണ്ടതാണെന്ന് കണ്ടെത്തി യിട്ടുണ്ട്. കാർഷികം, സേവനം, ടെക്സ്റ്റൈൽസ്, വ്യാവസായിക ഉല്പന്നങ്ങൾ, നിക്ഷേപം, ബൗദ്ധികസ്വത്ത്, 'ഇ' കോമേഴ്സ് തുടങ്ങിയ മേഖലകളിൽ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നടപടികളും കേന്ദ്രസർക്കാരിന്റെ ശ്രദ്ധ യിൽപ്പെടുത്തേണ്ട കാര്യങ്ങളും കണ്ടെത്തുന്നതിനും, അന്തർദേശീയ വ്യാപാര പുരോഗതി നിരന്തരമായി നിരീക്ഷിക്കുവാനുള്ള സംവിധാനം ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഏർപ്പെടുത്തേണ്ടതുണ്ട്. ആയതി ലേക്ക് പ്രധാനപ്പെട്ട വകുപ്പുമേധാവികളുടെ ഓഫീസുകളിൽ ഇന്റേണൽ ടാസ്ക് ഫോഴ്സുകൾ ആവശ്യമാണെന്ന് കണ്ടെത്തി. വ്യവസായം, വാണിജ്യ, കൈത്തറി, ടെക്സ്റ്റൈൽസ്, കയർ വികസനം, കൃഷി, ഡെയറി ഡെവല പ്മെന്റ്, ആരോഗ്യ സേവനം, വിനോദസഞ്ചാരം, നികുതി, തൊഴിൽ തുടങ്ങിയ വകുപ്പുകളിൽ ചീഫ് സെക്രട്ടറി ചെയർമാനായും വ്യവസായ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും മറ്റു വകുപ്പുമേധാവികൾ അംഗങ്ങ ളായും വേൾഡ് ട്രേഡ് ഓർഗനൈസേഷണൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഓരോ മേഖലയിലും മേഖലാ കമ്മിറ്റികൾ രൂപീകരിച്ച് ഗവണ്മെന്റ് ഉത്തരവാ യിട്ടുണ്ട്. സ്വകാര്യ മേഖല, വ്യാവസായിക സംഘടനകൾ, റിസർച്ച് സ്ഥാപന ങ്ങൾ തുടങ്ങിയവയെ കമ്മിറ്റി എല്ലായ്പ്പോഴും സഹകരിച്ച് ഏതു വിഷയവും സമഗ്രമായി പരിശോധിച്ച് പൊതുവായ അഭിപ്രായത്തിലെത്താനും ഉദ്ദേശിച്ചു കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവാണ് ഇത്.

ശ്രീ. തോമസ് ചാഴികാടൻ : സർ, ബഹു. മന്ത്രിയുടെ മറുപടിയിൽ, ഇതിനോടകം അനേകം നിവേദനങ്ങൾ സമർപ്പിച്ചു കഴിഞ്ഞു. ഇനി സമഗ്ര മായ ഒരു നിവേദനം സമർപ്പിക്കുവാനായി ഉദ്ദേശിക്കുന്നു എന്നു പറഞ്ഞു. ഈ സമർപ്പിച്ച നിവേദനത്തിൽ നമ്മുടെ സംസ്ഥാനത്തിനുവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, പ്രത്യേകിച്ചും ടൈറ്റാനിയം ഡയോക്സൈഡിന് വളരെയധികം നികുതി, 131% ഉണ്ടായിരുന്നത് ഇന്നി പ്പോൾ 35% ആയി കുറച്ചിരിക്കുകയാണ്. ഓരോ വർഷവും ബഡ്ജറ്റിനു മുൻപായി പോയി അവരെക്കണ്ട് ഇതിനാവശ്യമായ സംരക്ഷണം നൽകണമെ

LIBRARY ARCHIVES Kerala Legislative Assembly

ന്നാവശ്യപ്പെട്ടതുകൊണ്ടാണ് ഞങ്ങൾ വരുമ്പോൾ 45% ഉണ്ടായിരുന്നത് ഇപ്പോൾ 35 ശതമാനത്തിലെങ്കിലും നിൽക്കുന്നത്. അതുമാത്രമല്ല, അതിന് പ്രൊട്ടക്റ്റീവ് ക്ലാസ് ആയിട്ട് 10% സർചാർജ് ഉൾപ്പെടെയുള്ള കാര്യങ്ങളുള്ളതുകൊണ്ട് തൽക്കാലം നമുക്ക് പിടിച്ചുനിൽക്കാൻ കഴിയുന്ന പല സ്ഥിതികളുമുണ്ടാകുന്നതിന് ഓരോ അവസരത്തിലും നമ്മൾ നടപടിയെടുത്തിട്ടുണ്ട്. കയർമേഖലയിൽ പ്രത്യേകിച്ചും കയറും കയറുല്പന്നങ്ങളും ഇങ്ങോട്ട് ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചതിനെതിരായി ശക്തമായ നിവേദനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അത് ആ ലിസ്റ്റിൽനിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാലും ആപത്ത് കുറഞ്ഞിട്ടില്ല. ഇപ്പോഴാണെങ്കിൽ ഫ്ളോർ റേറ്റ് ഒന്നുരണ്ട് ഐറ്റത്തിന്റെ കാര്യത്തിൽ എടുത്തുകളഞ്ഞിരിക്കുകയാണ്. ഉള്ളതുതന്നെ 1995-ലെ പ്രൈസ് നിലനിൽക്കുകയാണ്. കേരളത്തിൽ മാത്രമല്ല, ഇന്ത്യാ രാജ്യത്ത് വിദേശ നാണയം നമ്മൾ നേടിയെടുക്കുന്നത് കുറയ്ക്കാനാണ് പോകുന്നത്. 1995-ലെ പ്രൈസാണ് നിലനിർത്തുന്നത്. അങ്ങനെ നിരവധി മേഖലകളിൽ ഞങ്ങൾ നിവേദനം നടത്തിയിട്ടുണ്ട്. ചില ഫലങ്ങളുമുണ്ടായിട്ടുണ്ട്. പക്ഷെ വിദേശ ശക്തികളുടെ വളരെ ശക്തമായ സമ്മർദ്ദത്തിന് കേന്ദ്രഗവണ്മെന്റ് കീഴടങ്ങിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ.എം. മാണി</u> : സർ, ആഗോളവൽക്കരണത്തിന്റെ ചുവടുപിടിച്ചുകൊണ്ട് ദേവഗൗഡ ഗവണ്മെന്റ് റെസ്ട്രിക്റ്റഡ് ലിസ്റ്റിലും പ്രൊഹിബിറ്റഡ് ലിസ്റ്റിലും കിടന്നിരുന്ന 540 ഇനങ്ങളും അതിനുശേഷം ഗുജ്റാൾ ഗവണ്മെന്റ് വന്നപ്പോൾ ഏതാണ്ട് 400-ൽപ്പരം ഇനങ്ങളും ഓപ്പൺ ജനറൽ ലൈസൻസിലേക്ക് ആക്കുകയുണ്ടായി. അതിന്റെ ചുവടുപിടിപ്പിച്ചുകൊണ്ട് ബി.ജെ.പി. ഗവണ്മെന്റ് ഈ ഏപ്രിൽ ഒന്നാം തീയതിമുതൽ ആരംഭിക്കുന്ന പുതിയ സാമ്പത്തിക വർഷത്തിൽ അവർ കയറ്റുമതിനയത്തിനും ഇറക്കുമതി നയത്തിനും രൂപം കൊടുക്കുമ്പോൾ ഏതാണ്ട് 400-ൽപ്പരം ഇനങ്ങൾ ഇന്ന് പുതുതായി ഓപ്പൺ ജനറൽ ലൈസൻസിലേക്കും മാറ്റാൻ പോകുന്നു എന്നറിയുന്നു. അങ്ങനെയാണെങ്കിൽ ഇറക്കുമതി നയങ്ങൾക്ക് രൂപം നൽകുന്ന സന്ദർഭത്തിൽത്തന്നെ കേന്ദ്രഗവണ്മെന്റിൽ പോയി, നമുക്ക് ദോഷകരമായ നിലപാടിന് രൂപം കൊടുക്കുന്ന ആ ഇറക്കുമതി നയത്തെ തിരുത്തുവാൻ സംസ്ഥാന ഗവണ്മെന്റ് നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, ഞാൻ നേരത്തേ പറഞ്ഞുകഴിഞ്ഞു, നരസിംഹറാവു ഗവണ്മെന്റിന്റെ കാലത്താണ് ഏറ്റവും ശക്തിയായി ഇക്കാര്യങ്ങൾ നടപ്പിലാക്കിയിരുന്നത്. അതിനുശേഷം അന്നുമുതൽ നിരന്തരമായി ഞാൻ പാർലമെന്റിലുണ്ടായിരുന്നപ്പോൾ അവിടെവച്ചും അല്ലാതെയും സംസ്ഥാന ഗവണ്മെന്റ് നിരന്തരമായി അതിനെതിരായിട്ടുള്ള നിവേദനങ്ങൾ നടത്തുകയും ശക്തമായി പ്രഷർ ചെലുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ 1400-ഓളം ഐറ്റങ്ങൾ പുതുതായി വാസ്തവത്തിൽ ഇഷ്ടംപോലെ ഇറക്കുമതി ചെയ്യുന്നതിന് അനുവദിച്ചിട്ടുണ്ട്. ഇതെല്ലാം വളരെ ദോഷകരമായി നമ്മുടെ മേഖലയെ ബാധിക്കും. അതിന് എന്തെല്ലാം സംരക്ഷണ നടപടികൾ എടുക്കണമെന്നുള്ള കാര്യത്തിൽ വളരെ വിശദമായ പരിശോധന നടത്തി, തീരുമാനിച്ച് ഇതിന് വ്യക്തമായിട്ടുള്ള ചില കാര്യങ്ങൾ നമ്മൾ ചെയ്തിട്ടുണ്ട്. ഇപ്പോൾ അമേരിക്കയ്ക്ക് സഹായകരമായ നിലപാടാണ് ഇന്ത്യ എടുക്കുന്നത്. നമ്മൾ മുഴുവൻ നിയന്ത്രണങ്ങളും എടുത്തുകളയണമെന്നു പറയുന്നു. ഇതിനെല്ലാം ഇന്ത്യാ ഗവണ്മെന്റ് ഒപ്പുവച്ചിരിക്കുകയാണ്. കോൺഗ്രസ് ഗവ

LIBRARY ARCHIVES Kerala Legislative Assembly

ണ്മെന്റാണ് അതാരംഭിച്ചത്. ഇന്ന് ബി.ജെ.പി. ഗവണ്മെന്റ് അതിശക്തിയായി അത് തുടരുകയാണ്.

ശ്രീ. കെ.എം. മാണി : സർ, ഈ ആഗോളവൽക്കരണത്തിന്റെ അടിസ്ഥാനത്തിലുള്ള കമ്പോളവൽക്കരണം കമ്പോളം തുറക്കപ്പെടുന്നത് വൺവേ ട്രാഫിക്കല്ല. അപ്പോൾ ഈ നയം നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ തിരുത്താൻ വേണ്ടി ശ്രമിക്കുക, അതോടൊപ്പം വിദേശ രാജ്യങ്ങളിലേയ്ക്ക് നമ്മുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ കൂടുതൽ ആരായുന്നതിന് ഗവണ്മെന്റ് നടപടികൾ സ്വീകരിക്കുമോ; അതിന് ഗവണ്മെന്റിന് എന്തെങ്കിലും പ്രോജക്ടുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, അതാണ് ഞാൻ പറഞ്ഞത്. എഗ്രിമെന്റിന്റെ ഫലമായി ചില കോട്ടാ സിസ്റ്റം നിലവിലിരുന്നു. ഇപ്പോൾ അമേരിക്ക പറയുന്നത് 2005-ൽ മാത്രമേ ഈ കോട്ടാ സിസ്റ്റം ഇല്ലാതാക്കൂ എന്നാണ്. അമേരിക്കയ്ക്കും സാമ്രാജ്യത്വശക്തികൾക്കും സഹായകരമായ രീതിയിലാണ് കോട്ടാ സിസ്റ്റം തന്നെ മാറ്റിക്കൊണ്ടിരിക്കുന്നത്. ഇഷ്ടംപോലെ ഇറക്കുമതി ചെയ്യാൻ ഇങ്ങോട്ടനുവാദവും, അങ്ങോട്ടുള്ളതിന് നിയന്ത്രണവും. ഇതിനെ ചെറുക്കാൻ തയ്യാറുള്ള ഒരു ഗവണ്മെന്റ് ഇന്ത്യാരാജ്യത്ത് ഉണ്ടായെങ്കിൽ മാത്രമേ ഇതിന് ശക്തിയായിട്ട് പ്രതിഷേധിക്കുവാനും പ്രതികരിക്കാനും കഴിയൂ.

ശ്രീ. സി.എഫ്. തോമസ് : സർ, ഈ ഇറക്കുമതി നയം കൊണ്ട് നമ്മൾ കേരളത്തിൽ നേരിടുന്ന കാര്യങ്ങൾ വ്യക്തമായി ബഹു.മന്ത്രിയുടെ മറുപടിയിൽ വന്നില്ല. നമ്മുടെ പ്രധാനപ്പെട്ട ഏതൊക്കെ വ്യവാസായിക ഉൽപ്പന്നത്തിനാണ് ഭീഷണി വന്നിരിക്കുന്നത് എന്ന് തിട്ടപ്പെടുത്തണം, ടൈറ്റാനിയം ഡൈ-ഓക്സൈഡ്-അതിന് പ്രതിവിധി വേണ്ടേ? അതിന് നമ്മുടെ ഭാഗത്തുനിന്നും ഗുണമേൻമ മെച്ചപ്പെടുത്താനും വില കുറയ്ക്കാനും കൂടാതെ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാനുമായി, മൂന്നുതരത്തിലുള്ള നടപടി വേണം. ഗുണമേന്മ മെച്ചപ്പെടുത്താനും വിലനിലവാരം താഴ്ത്താനും കേന്ദ്രത്തിന്റെ മുമ്പിൽ ഇത് ശക്തമായിട്ട് ആവശ്യപ്പെടാനും ഏതൊക്കെ ഉൽപ്പന്നത്തിന്റെ കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീമതി സുശീലാ ഗോപാലൻ : സർ, നമുക്ക് ബോദ്ധ്യപ്പെട്ട എല്ലാ കാര്യങ്ങളും ടൈറ്റാനിയം ഡൈ-ഓക്സൈഡിന്റെ കാര്യം തന്നെ- ഞാൻ നേരത്തെ പറഞ്ഞു. ഈ ഉൽപ്പന്നം നമുക്ക് ഏറ്റവും നല്ല ഗുണമേന്മ ഉള്ളതാണ്. ഈ ഇറക്കുമതി ഐറ്റത്തിന് ഒന്നുംതന്നെ ഇത്രയും വലിയ ഗുണമേന്മ ഇല്ല. നമ്മുടെ ടൈറ്റാനിയം ഡൈ-ഓക്സൈഡ്, റൂട്ടൈൽ ഇതൊക്കെതന്നെ ഏറ്റവും വലിയ ഗുണമേന്മ ഉള്ളതാണ്. ഒരുത്തർക്കും ചോദ്യം ചെയ്യാൻ കഴിയില്ല. പക്ഷേ വില കുറച്ച് ഇങ്ങോട്ട് ഇറക്കുമതി ചെയ്യുമ്പോൾ ആളുകൾക്ക് ഇതിന്റെ ഗുണമേന്മയെപ്പറ്റി അറിയാത്തതുകൊണ്ട്, അത് വാങ്ങിക്കുമെങ്കിലും നമ്മൾ മത്സരിച്ച് നിൽക്കുകയാണ്. കെ.എം.എം.എൽ-ന് ഇപ്പോൾ 100 കോടി രൂപ ലാഭമുണ്ട്. (ബഹളം) അങ്ങനെ ബഹളം വച്ചിട്ട് കാര്യമൊന്നുമില്ല. കാസ്റ്റിക് സോഡ, നമ്മുടെ ടി.സി.സി. 10, 16 കോടി രൂപ ലാഭം ഉണ്ടായിരുന്നത്, കാസ്റ്റിക് സോഡ ഇറക്കുമതിയോടുകൂടി വൻതോതിൽ വില ഇടിഞ്ഞു. ഇപ്പോൾ ടി.സി.സി.യെ ദോഷകരമായി ബാധിച്ചിരിക്കുകയാണ്. അതിനുള്ള സ്റ്റെപ്സ് നമ്മൾ എടുത്തുകൊണ്ടിരിക്കുകയാണ്. അവിടെ തൊഴിലാളികൾ സഹകരിക്കുന്നുണ്ട്. നമ്മൾ അതിന് റിവൈവൽ പാക്കേജ് ഉണ്ടാക്കി അതിന് പണം കൊടുക്കാൻ പോകുകയാണ്. നമ്മൾ ഓരോ സ്ഥാപനത്തേയും പരി

LIBRARY ARCHIVES Kerala Legislative Assembly

ശോധിച്ചു. അതിനെല്ലാം പ്രതിവിധി കാണുന്നതിനുള്ള നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്. ഏപ്രിൽ ആദ്യവാരം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആവശ്യമായ പണം നൽകാനുള്ള നടപടി എടുത്തിട്ടുണ്ട്. കയർ മേഖലയിൽ ഫ്ളോർ പ്രൈസ് എടുത്തുകളഞ്ഞതിന് എതിരായി ശക്തിയായി പ്രതികരിച്ചിട്ടുണ്ട്.

മി. സ്പീക്കർ : അങ്ങനെ ആൻസർ ചെയ്യേണ്ട കാര്യമില്ല. ഒറ്റ ചോദ്യം. ചോദ്യമെന്ന് പറഞ്ഞാൽ ഉണ്ടോ, ഇല്ലയോ, അങ്ങനെയുള്ള ചോദ്യമേ ആകാവൂ. ഇങ്ങനെയുള്ള ചോദ്യമൊന്നും അനുവദിക്കാൻ പറ്റില്ല. ഉത്തരവും പറ്റില്ല. ചോദ്യോത്തരമെന്ന് പറഞ്ഞാൽ നമ്മൾ തുടർന്ന് വരുന്ന ഒരു രീതിയുണ്ട്.

ശ്രീമതി സുശീലാ ഗോപാലൻ : ഇതൊരു വിപുലമായ മേഖലയാണ്.

മി. സ്പീക്കർ : അത് സബ്മിഷനായി ചോദിക്കണ്ടേ? അതിന് വേറെ സന്ദർഭമുണ്ട്. ചോദ്യോത്തരമെന്ന് പറഞ്ഞാൽ മാക്സിമം ഇൻഫർമേഷൻസ് Elicit ചെയ്യുക എന്നുള്ളതാണ്. ഒറ്റ ചോദ്യമേ ചോദിക്കാവൂ. ഉണ്ട് അല്ലെങ്കിൽ ഇല്ല എന്ന് പറയുക. അങ്ങനെയാകണം ചോദ്യോത്തരം.

ശ്രീ. സി.എഫ്. തോമസ് : സർ, ഒറ്റ ചോദ്യമേ ചോദിച്ചുള്ളൂ. ഇത് സംബന്ധിച്ചുള്ള സമഗ്രമായ നിവേദനങ്ങളിൽ ചിലത് കൊടുത്തു. സമഗ്രമായ നിവേദനത്തിന് നടപടി എടുക്കുന്നു എന്നും പറഞ്ഞു. ഈ സമഗ്രമായ നിവേദനം എന്നത്തേയ്ക്ക് കൊടുക്കും; അടിയന്തിരമായിട്ട് ഈ കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ : അത് ഏകദേശം ശരിയായിട്ടുണ്ട്.

ശ്രീമതി സുശീലാ ഗോപാലൻ : സർ, ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു. ഇവിടെ ഇതിനാവശ്യമായ ടാസ്ക് ഫോഴ്സ് ഓരോ ഡിപ്പാർട്ടുമെന്റിലും വെച്ച് പഠനത്തിന് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. 1,400 ഐറ്റം ആണ് പുതിയത്. നേരത്തെ ഉള്ളത് 1,300. അപ്പോൾ ഈ ഐറ്റം എല്ലാം പഠിച്ച് ഒരു സമഗ്രമായ നിവേദനം കൊടുക്കുകയാണെങ്കിൽ, അത്ര ലളിതമായ പ്രക്രിയയല്ല. എന്നാലും അതിവേഗത്തിൽ കഴിയുന്നത്ര കാര്യങ്ങൾക്ക് ഞങ്ങൾ നിവേദനം കൊടുക്കുകയും, ശക്തമായ സമ്മർദ്ദം ചെലുത്തുകയും ചെയ്യും. പക്ഷേ മറ്റു പരിമിതികൾ ഏറെയുണ്ട്. ഇന്നത്തെ ലിബറലൈസേഷന്റെ നയം വലിയ ആപത്ത് ഈ രാജ്യത്ത് വിതച്ചിട്ടുണ്ട്. അത് കോൺഗ്രസ്സ് പാർട്ടിയാണ് തുടങ്ങിവെച്ചത്. അത് ആപൽക്കരമായിത്തീർന്നിരിക്കുകയാണ്. (ബഹളം)

മി. സ്പീക്കർ : കോൺഗ്രസ്സ് ഉണ്ടോ എന്ന് ചോദിച്ചാൽ ഉണ്ട് അല്ലെങ്കിൽ ഇല്ല എന്ന് പറയുക.

ശ്രീ. പി. വിശ്വൻ :സർ, ഗാട്ട് കരാർ ഒപ്പിട്ടതിന്ശേഷം വിദേശ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി-പൂജയ്ക്ക് വേണ്ട ചന്ദനം, ചന്ദനത്തിരി, സാമ്പ്രാണി, സ്ത്രീകളുടെ പൊട്ട്, ഹോളി ആഘോഷിക്കുന്നതിന് ഉപയോഗിക്കുന്ന കളർപൊടി-വീണ്ടും കൊണ്ടുവന്നല്ലോ. ഇതൊക്കെത്തന്നെ ഉണ്ടാക്കുന്ന ചെറുകിട വ്യവസായികളുടെ വ്യവസായം പൂട്ടികൊണ്ടിരിക്കുന്നതിനെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച് മറ്റൊരു സ്റ്റേറ്റും ചെയ്യാത്ത വിധത്തിലുള്ള നടപടി ഞങ്ങൾ എടുത്തിട്ടുണ്ട്. സമഗ്രമായ പഠനത്തിന് വിധേയമാക്കി. സ്റ്റെപ്പ് സ്റ്റെപ്പായിട്ട് അവ

LIBRARY ARCHIVES Kerala Legislative Assembly

രുടെ വിപണന രംഗത്ത് കടന്നുചെന്ന് സഹായിക്കാൻ നടപടി എടുത്തിട്ടുണ്ട്. വലിയ ഒരു ചർച്ചയ്ക്ക് വിധേയമാക്കിയാൽ ഞാൻ അതിനെല്ലാം മറുപടി പറയാം.

ഡോ. എം.എ. കുട്ടപ്പൻ : സർ, ആഗോളവൽക്കരണവും അമിതമായ വിദേശ ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയും നമ്മുടെ വ്യവസായങ്ങളെ ദോഷകരമായി ബാധിച്ചു എന്ന് ബഹു.മന്ത്രി പറയുകയുണ്ടായി. എന്റെ ചോദ്യം നമ്മൾ ബെൻസ്, മിത്സുബിഷി, ലാൻസർ, ഫോർഡ് പോലെയുള്ള വാഹനങ്ങളുടെ മുഴുവൻ സ്പെയേഴ്സും ഇവിടേയ്ക്ക് ഇറക്കുമതി ചെയ്ത്, അസംബിൾ ചെയ്യുന്നുണ്ട്. അങ്ങനെ അസംബിൾ ചെയ്ത (ഓപ്പൽ ആസ്ട്ര അടക്കമുള്ള) കാറുകളാണ് ബഹു. മുഖ്യമന്ത്രിയടക്കമുള്ളവർ ഉപയോഗിക്കുന്നത്. അപ്പോൾ ഈ ഇറക്കുമതി നയത്തോടും ആഗോളവൽക്കരണ നയത്തോടും യഥാർത്ഥത്തിൽ എതിർപ്പുണ്ടെങ്കിൽ, കോൺഗ്രസ്സിന്റെ നയത്തോട് എതിർപ്പുണ്ടെങ്കിൽ, ഈ വിദേശ കാറുകളും ആഡംബരക്കാറുകളും ഉപേക്ഷിക്കുവാൻ മന്ത്രിമാരെല്ലാപേരും തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, രാജ്യത്ത് ഈ കാറൊക്കെ ഉള്ളപ്പോൾ ഇതെല്ലാം ഉപയോഗിക്കേണ്ടിവരും. പക്ഷേ ഞാൻ ഇത് ഉപയോഗിച്ചിട്ടില്ല. അംബാസിഡർ കാറിലല്ലാതെ ഇതുവരെ യാത്രചെയ്തിട്ടില്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായ-തൊഴിൽ മേഖലകളിൽ വളരെ ഗുരുതരമായ പ്രത്യാഘാതങ്ങളാണ് ഇതിന്റെ ഫലമായിട്ട് ഉണ്ടാകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദമായി മറുപടി പറഞ്ഞു. ഈ സാഹചര്യത്തിൽ അത് വിട്ടുപോയതായിരിക്കും, ടെക്സ്റ്റൈൽ വ്യവസായമാണ് ഏറ്റവും കൂടുതൽ, വളരെ ഗൗരവമായി ബാധിക്കുന്ന മേഖല. മിനിസ്റ്റർ വിട്ടുപോയതായിരിക്കും, ടെക്സ്റ്റൈൽ മേഖല ഉൾപ്പെടെ. അതുകൊണ്ട് അടിയന്തിരമായി കേരളത്തിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ ഇതിനെതിരായുള്ള ശക്തമായ ഒരു പ്രതിരോധം, പ്രക്ഷോഭം, ഇവിടെ വളർത്തിക്കൊണ്ടുവരേണ്ട ആവശ്യമുണ്ടല്ലോ. ജനങ്ങളെ മുഴുവൻ ബോധവൽക്കരിച്ചുകൊണ്ടുള്ള വലിയ ഒരു ജനകീയ പ്രക്ഷോഭണത്തിന്റെ ആവശ്യകത ഉണ്ടെന്നുള്ളത് കണക്കിലെടുത്തുകൊണ്ട്, കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുമായി പ്രത്യേകിച്ച് ഒരു സെക്ടർ തിരിച്ചുകൊണ്ടു തന്നെ ഈ വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, ടെക്സ്റ്റൈൽ വ്യവസായ മേഖലയെ സംബന്ധിച്ച്, പ്രത്യേകിച്ചും സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ അതുപോലെ സഹകരണ സംഘങ്ങൾ ഇതിനെ സംബന്ധിച്ചെല്ലാം, വിശദമായ റിവൈവൽ പാക്കേജ് ഉണ്ടാക്കിയിട്ടാണ് ഇപ്പോൾ കൊടുക്കാൻ പോകുന്നത്. ഇതെല്ലാം അതാത് സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്താണ് തീരുമാനിക്കുന്നത്. അതെല്ലാം അവരെക്കൂടി ബോദ്ധ്യപ്പെടുത്തി മാത്രമേ കാര്യങ്ങൾ ചെയ്യൂ. അതുകൂടാതെ സ്വകാര്യ മേഖലയെപ്പറ്റി പഠിക്കാനും എന്ത് സഹായം ചെയ്യാൻ കഴിയുമെന്നുള്ള കാര്യം പരിശോധിക്കാനും പ്രത്യേകം ഒരു കമ്മിറ്റിയെ വെച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റുമായി ഇക്കാര്യത്തിൽ അവരുടെ സഹായം എന്തെങ്കിലും കിട്ടുമോ? അവർ പറയുന്ന 25,000 കോടി എന്നതു വാസ്തവത്തിൽ വലിയ പറ്റിക്കലാണ്. അങ്ങനെയൊന്നുമില്ല, വലിയ ലാഭകരമായി നടക്കുന്ന ടെക്സ്റ്റൈൽ വ്യവസായങ്ങൾക്ക് മാത്രം ഉപയോഗിക്കാവുന്ന ഒരു പാക്കേജ് ആണ് അവരുണ്ടാക്കിയിട്ടുള്ളത്. നമ്മുടെ നവീകരണത്തിനുപോലും ഈ

LIBRARY ARCHIVES Kerala Legislative Assembly

പണം ലഭ്യമല്ല. 72 കോടി രൂപ മുടക്കി നമ്മൾ പൊതുമേഖലയിലും സഹകരണ മേഖലയിലും ടെക്സ്റ്റൈൽ മില്ലുകൾ നവീകരിക്കുവാൻ പണം ഈ 31-ന് അകം കൊടുത്തിരിക്കും. അതുപോലെ തന്നെ പ്രൈവറ്റ് മേഖലയ്ക്കും നമ്മൾ ചില പാക്കേജുകൾ ഉണ്ടാക്കിവരുകയാണ്.

ശ്രീ. കെ. ബാബു : സർ, ഇറക്കുമതിനയം നമ്മുടെ വ്യവസായങ്ങളെ ബാധിച്ചിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ബഹുമാനപ്പെട്ട മന്ത്രി ടി.സി.സി.യുടെ കാര്യം പറഞ്ഞു. ടി.സി.സി. 16 വർഷമായി വളരെ ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു കമ്പനിയാണ്. എന്നാൽ ഈ സംസ്ഥാന ഗവൺമെന്റിന്റെ മുമ്പിലുള്ള ഒരു പാക്കേജ് പദ്ധതി അനവധി മാസങ്ങളായി തീരുമാനിച്ചിട്ടില്ല. അതുകൊണ്ട് ഇറക്കുമതി നയത്തിന്റെ പേരിൽ പ്രയാസപ്പെടുന്ന വ്യവസായങ്ങളെ രക്ഷിക്കാൻ സമയബന്ധിതമായി സംസ്ഥാന ഗവൺമെന്റിന് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്തുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ബഹു. മെമ്പർക്ക് ഈ വിവരം അറിയാത്തതല്ല. മുഴുവൻ കാര്യങ്ങൾക്കും വിശദമായ പാക്കേജുണ്ടാക്കി കോടിക്കണക്കിന് രൂപ അവർക്ക് കൊടുക്കാനുള്ള പരിപാടികൾ, പ്രത്യേകിച്ചും കോർപ്പസ് ഫണ്ട് ഉണ്ടാക്കിയത്, അതിനാണ്. ഫണ്ട് കൈയിൽ കിട്ടിക്കഴിഞ്ഞിട്ടേ അതിന്റെ പാക്കേജസ് ഉണ്ടാക്കാൻ കഴിയൂ. അതെല്ലാം ഉണ്ടാക്കിക്കഴിഞ്ഞ് അതിവേഗത്തിൽ പണം കൊടുക്കും. പ്രത്യേകിച്ചും ഈ ടി.സി.സി. എന്നുപറയുന്ന സ്ഥാപനത്തെ രക്ഷിക്കാൻ ഞാൻ വന്നതിനുശേഷം നിരവധി നടപടികൾ എടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് അതിന് ആവശ്യമായ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ആവശ്യമായ പണം അടിയന്തിരമായി കൊടുക്കും.

ശ്രീ. എ.കെ. ആന്റണി : കേരളത്തിലെ ഐ.ടി. വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി മൈക്രോ സോഫ്ടുമായി എന്തൊക്കെയോ ചില കാര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായി ചർച്ചകൾ നടക്കുന്നു എന്ന് പത്രങ്ങളിൽ വാർത്തയുണ്ടായിരുന്നു. അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ശ്രീമതി സുശീലാ ഗോപാലൻ : അതു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഞാനും കാര്യങ്ങൾ കുറച്ചു മനസ്സിലാക്കി. അതിനുള്ള പരിപാടികൾ നടന്നുകൊണ്ടിരിക്കുകയാണ്. പൂർണ്ണരൂപത്തിൽ എത്തിയിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഐ.ടി. അല്ലാതെ മറ്റുവിധത്തിൽ ഐ.ടി. പാർക്കുകൾ വികസിപ്പിക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. കേരളത്തിലാകെയുള്ള പഞ്ചായത്തുകളിൽ കിയോസ്ക്കുകൾ എടുക്കാൻ തീരുമാനിച്ചു, വിവിധ നടപടികളെടുത്തു. മൈക്രോ സോഫ്ടുമായി ചർച്ചകൾ നടന്നു. അവസാന രൂപത്തിലായിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : ആഗോളവൽക്കരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രതിനിധിയായ ക്ലിന്റൻ ഇന്ത്യ സന്ദർശിച്ച സന്ദർഭത്തിൽ അല്ലെങ്കിൽ ഈ അടുത്ത സന്ദർഭത്തിൽ കേരളത്തെപ്പറ്റി, കേരളത്തിലെ സ്ത്രീകളുടെ വികസനത്തെ സംബന്ധിച്ച്, കൈത്തറിയെ സംബന്ധിച്ച് സംയുക്ത പാർലമെന്ററി സമ്മേളനത്തിൽ പ്രധാനമായും പരാമർശിക്കുകയുണ്ടായി. കേരളത്തിലെ കൈത്തറി മേഖല ആയിരക്കണക്കിന് തൊഴിലാളികളുടെ ജീവിതത്തെ കരുപ്പിടിപ്പിച്ച മേഖലയാണ്. ആ മേഖലയാകെ തകർന്നുകൊണ്ടിരിക്കുകയാണ്. തകർന്നു കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഈ കൈത്തറിയെ രക്ഷിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

1,500-2,000 രൂപ വിലയുള്ള ഷർട്ടാണ് കേരളത്തിലെ ഇടത്തരം ആളുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള വളരെ പ്രധാനപ്പെട്ട ഇനങ്ങളായ ചില ഷർട്ടുകൾ ഉൽപ്പാദിപ്പിക്കാൻ ഗാർമെന്റിന്റെ ഭാഗമായി ഇപ്പോൾ കൈത്തറി മേഖലയ്ക്ക് സാധിക്കും. അതിന് പ്രചാരണം കൊടുത്ത് ആഭ്യന്തര വിപണി കണ്ടെത്താനുള്ള നിലപാട് സ്വീകരിക്കുമോ? കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. പ്രത്യേകിച്ച് 1993 മുതൽ റിബേറ്റും എഫ്.ഡി.ഐ.യും ഒക്കെ കൂടിശ്ലികയായിരുന്നു. അതെല്ലാം കൊടുത്തു. ഇപ്പോൾ 60 കോടി രൂപ കൈത്തറി മേഖലയ്ക്കു കൊടുത്തു കഴിഞ്ഞു. എന്നുമാത്രമല്ല അതിന്റെ നവീകരണത്തിനുവേണ്ടി സ്വിറ്റ്സർലണ്ടിലെ ആംസ്റ്റർഡാം യൂണിവേഴ്സിറ്റിയുമായി ഒരു കരാർ ഉണ്ടാക്കി കമ്പ്യൂട്ടർ ഡിസൈനിംഗിനുള്ള നപടിയെടുത്തു. ഏതാനും ആഴ്ചയ്ക്കുള്ളിൽ അതു പൂർത്തിയാകും. കമ്പ്യൂട്ടർ ഡിസൈനിംഗ് കൈത്തറി മേഖലയിൽ വ്യാപകമാക്കും. ടെക്സ്റ്റൈൽ നവീകരണം വരുമ്പോൾ കൈത്തറിക്കും മറ്റും ആവശ്യമായ ഉൽപ്പന്നങ്ങൾ അതിന്റെ തരം, മറ്റു കാര്യങ്ങൾ, എല്ലാം-എങ്ങനെ വേണമെന്നും എത്ര വേണമെന്നുമുള്ള വിവരങ്ങൾ കൈത്തറി മേഖലയിലെ നേതാക്കളോടും അവരുടെ കമ്മിറ്റിയോടും ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതു ലഭിച്ചാൽ അതുകൂടി വച്ചുകൊണ്ട് ടെക്സ്റ്റൈൽ നവീകരണം നടത്തുമ്പോൾ അതിനു പ്രധാനമായ പ്രാമുഖ്യം നൽകും. കൈത്തറിക്ക് ആവശ്യമുള്ള നൂലുണ്ടാക്കി ഞങ്ങൾ വിതരണം ചെയ്യും. അതുപോലെ കണ്ണൂരിലെ ഡിസൈൻ യൂണിറ്റ് ശക്തിപ്പെടുത്താനുള്ള നടപടികൾ എടുത്തിട്ടുണ്ട്. അവിടേയും പുതിയപുതിയ ഡിസൈൻ ഉണ്ടാക്കുന്നതിനുള്ള നടപടികൾ വിവിധ മേഖലകളിൽ നടന്നുവരുന്നുണ്ട്. ഒരു മേഖലയും ഞങ്ങൾ വെറുതെ വിട്ടിട്ടില്ല. എല്ലാമേഖലകളും സമഗ്രമായി പഠിച്ച് കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും "ചേരി പരിഷ്കരണം"

3 (*563) ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എ. കണാരൻ :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ചേരി പരിഷ്കരണത്തിനുവേണ്ടി സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നഗരങ്ങളിലേയും മുനിസിപ്പാലിറ്റികളിലേയും ചേരികളിൽ ഫ്ളാറ്റുകൾ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly